ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 30.08.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ഇന്ത്യയും, ജപ്പാനും തമ്മിലുള്ള നയതന്ത്ര ബന്ധം ശക്തിപ്പെടുത്തുന്നതിനായുള്ള മാർഗരേഖ പ്രധാനമന്ത്രി നരേന്ദ്ര മോദിയും ജാപ്പനീസ് പ്രധാനമന്ത്രിയും ചേർന്ന് പുറത്തിറക്കി.

   **Prime Minister Narendra Modi and the Japanese Prime Minister jointly released a roadmap to strengthen diplomatic relations between India and Japan.**

2. ചൈനയിൽ നാളെ ആരംഭിക്കുന്ന ഷാങ്ഹായ് സഹകരണ ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുക്കും.

   **Prime Minister Narendra Modi will attend the Shanghai Cooperation Organization Summit starting tomorrow in China.**

3. വികസ്വര ലോകത്തിൻറെ യഥാർത്ഥ ശബ്ദമാണ് ഗ്ലോബൽ സൗത്ത് എന്ന് കേന്ദ്ര മന്ത്രി പീയുഷ് ഗോയൽ.

   **Union Minister Piyush Goyal says that the Global South is the real voice of the developing world.**

4. ചെറുകിട കർഷകരുടെ വെല്ലുവിളികൾ പരിഹരിക്കുന്നതിന്, സംയോജിത കൃഷിയ്ക്ക് ഊന്നൽ നൽകുമെന്ന് കേന്ദ്രമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ.

   **Union Minister Shivraj Singh Chouhan says that integrated farming will be emphasized to solve the challenges of small farmers.**

5. കേരളത്തിൽ, അമീബിക്ക് മസ്തിഷ്ക ജ്വരം പ്രതിരോധിക്കുന്നതിനായുള്ള ആരോഗ്യ വകുപ്പിൻറെ ജനകീയ ക്യാമ്പയിനിന് ഇന്ന് തുടക്കം.

**In Kerala, the Health Department's mass campaign to prevent amebic encephalitis begins today.**

6. ലോക ബാഡ്മിൻറൺ ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ സാത്വിക് സായിരാജ് രങ്കിറെഡ്ഡി- ചിരാഗ് ഷെട്ടി സഖ്യം സെമിഫൈനലിൽ.

**India's Satwiksairaj Rankireddy-Chirag Shetty pair in the semifinals of the World Badminton Championship.**

&&&&&&&&&&&&&&&&&&&&&&&&&

## SHANGHAI COOPERATION ORGANIZATION

ഷാങ്ഹായ് സഹകരണ സംഘടന - എസ്.സി.ഒ യുടെ 25-ാമത് യോഗത്തിന് നാളെ ചൈനയിലെ ടിയാൻജിനിൽ തുടക്കം. രണ്ട് ദിവസത്തെ ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുക്കും. ആഗോള ഭരണത്തിൽ പുതിയ മാനദണ്ഡങ്ങൾ രൂപപ്പെടുത്തുന്നതിൽ ഈ ഉച്ചകോടി പ്രധാന പങ്ക് വഹിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. പ്രാദേശിക സുരക്ഷ, കണക്റ്റിവിറ്റി, സുസ്ഥിര വികസനം, അംഗരാജ്യങ്ങൾക്കിടയിൽ ഐക്യo വർദ്ധിപ്പിക്കൽ തുടങ്ങിയ നിർണായക വിഷയങ്ങളിൽ എസ്.സി.ഒ ഉച്ചകോടി ശ്രദ്ധ കേന്ദ്രീകരിക്കും. റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ ഉൾപ്പെടെ 20 ലധികം ലോക നേതാക്കളും 10 അന്താരാഷ്ട്ര സംഘടനകളുടെ മേധാവിമാരും യോഗത്തിൽ പങ്കെടുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

&&&&&&&&&&&&&&&&&&&&&&&&&

## PM-JAPAN (INTRO)

ഇന്ത്യയും, ജപ്പാനും തമ്മിലുള്ള തന്ത്രപരവും സാമ്പത്തികവും സാങ്കേതികവുമായ ബന്ധം വർധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ അടുത്ത ഒരു ദശാബ്ദത്തേക്കുള്ള സമഗ്രമായ മാർഗരേഖ പ്രധാനമന്ത്രി നരേന്ദ്ര മോദിയും ജാപ്പനീസ് പ്രധാനമന്ത്രി ഷിഗെരു ഇഷിബയും ചേർന്ന് പുറത്തിറക്കി. ഇന്നലെ ടോക്കിയോയിൽ നടന്ന 15-ാമത് ഇന്ത്യ-ജപ്പാൻ വാർഷിക ഉച്ചകോടിക്ക് ശേഷമാണ് ഇരു നേതാക്കളും പ്രഖ്യാപനം നടത്തിയത്. ഇന്ത്യ-ജപ്പാൻ ഉഭയകക്ഷി ബന്ധത്തിൽ ആഴത്തിലുള്ള ചർച്ചകൾ നടന്നതായി പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ പറഞ്ഞു. അടുത്ത 10 വർഷത്തിനുള്ളിൽ ഇന്ത്യയിൽ ജപ്പാൻ 10 ട്രില്യൺ യെൻ നിക്ഷേപം നടത്തുമെന്നും പ്രധാനമന്ത്രി അറിയിച്ചു.

(വോയിസ്)

&&&&&&&&&&&&&&&&&&&&&&&&&

## MOC-REDDY

പ്രധാന ധാതു വിഭവങ്ങളുടെ വിതരണ ശൃംഖലകൾ സ്ഥാപിക്കുന്നതിനും ധാതു ഖനനം, സംസ്കരണം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുമായി ഇന്ത്യയും ജപ്പാനും സഹകരണ പത്രത്തിൽ ഒപ്പുവച്ചു. ഇന്ത്യയുടെ ഊർജ്ജ സുരക്ഷയും, 2070 ഓടെ നെറ്റ് സീറോ കാർബൺ ബഹിർഗമനം എന്ന ലക്ഷ്യവും കൈവരിക്കാൻ ഈ സഹകരണ ശ്രമങ്ങൾ സഹായിക്കുമെന്ന് കേന്ദ്ര കൽക്കരി, ഖനി മന്ത്രി ജി.കിഷൻ റെഡ്ഡി പറഞ്ഞു. പ്രധാനമന്ത്രിയുടെ ജപ്പാൻ സന്ദർശന വേളയിലാണ് നിർണായക ധാതുക്കളിൽ സഹകരണത്തിനുള്ള കരാറിൽ ഇരു രാജ്യങ്ങളും ഒപ്പുവച്ചത്.

&&&&&&&&&&&&&&&&&&&&&&&&&

## ISRO- JAPAN

ചന്ദ്രയാൻ 5 ദൗത്യത്തിൽ ഇന്ത്യയും ജപ്പാനും തമ്മിൽ സഹകരണത്തിനുള്ള കരാറിനെ പ്രധാനമന്ത്രി നരേന്ദ്ര മോദി സ്വാഗതം ചെയ്തു. കരാർ അനുസരിച്ച്, ചാന്ദ്ര ധ്രുവ പര്യവേഷണ പരിപാടി ലുപെക്സിൽ ISRO യും ജപ്പാൻ എയ്റോസ്പേസ് പര്യവേഷണ ഏജൻസിയും ചേർന്ന് പ്രവർത്തിക്കും. ഇതിനുള്ള നിബന്ധനകളും വ്യവസ്ഥകളും നിർവചിക്കുന്ന രേഖയിൽ ഇരു രാജ്യങ്ങളും ഒപ്പുവച്ചു.

&&&&&&&&&&&&&&&&&&&&&&&&&

## PM MODI-PTUIN MEETING

ഇന്ത്യയുമായുള്ള വാർഷിക ഉച്ചകോടിയിൽ പങ്കെടുക്കാൻ റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ ഡിസംബറിൽ ഇന്ത്യ സന്ദർശിക്കും. സന്ദർശനം സംബന്ധിച്ച കൂടുതൽ ചർച്ചകൾക്കായി, ചൈനയിൽ നടക്കുന്ന ഷാങ്ഹായ് സഹകരണ സംഘടന ഉച്ചകോടിക്കിടെ പ്രസിഡന്റ് പുടിൻ തിങ്കളാഴ്ച പ്രധാനമന്ത്രി നരേന്ദ്ര മോദിയെ കാണുമെന്ന് റഷ്യൻ വിദേശനയ ഉപദേഷ്ടാവ് യൂറി ഉഷാക്കോവ് വ്യക്തമാക്കി. റഷ്യയിൽ നിന്നും ഇന്ത്യ വാങ്ങുന്ന അസംസ്കൃത എണ്ണ ഉൾപ്പെടെ ഇന്ത്യൻ ഉൽപ്പന്നങ്ങൾക്കുള്ള തീരുവ 50 ശതമാനമായി ഇരട്ടിയാക്കിയ അമേരിക്കൻ നടപടിയുടെ പശ്ചാത്തലത്തിലാണ് പുടിൻറെ ഇന്ത്യ സന്ദർശനം.

&&&&&&&&&&&&&&&&&&&&&&&&&

## KARNATAKA-SHIVRAJ

ഭക്ഷ്യ ഉൽപാദനത്തിൽ ഇന്ത്യ സ്വയംപര്യാപ്തമാണെന്ന് കേന്ദ്ര കൃഷിമന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. ഇന്ത്യയ്ക്ക് മാത്രമല്ല, മറ്റ് രാജ്യങ്ങൾക്കും ആവശ്യമായ അളവിൽ ഭക്ഷ്യ ധാന്യങ്ങൾ നിലവിൽ ഇന്ത്യയിൽ ഉത്പാദിപ്പിക്കുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു. മൈസൂരുവിൽ ജഗദ്ഗുരു ഡോ.ശ്രീ ശിവരാത്രി രാജേന്ദ്ര

മഹാസ്വാമിയുടെ 110-ാാം വാർഷികാഘോഷ പരിപാടിയിൽ സംസാരിക്കുകയായിരുന്നു മന്ത്രി. ചെറുകിട കർഷകർ നേരിടുന്ന വെല്ലുവിളികൾ പരിഹരിക്കുന്നതിന്, സംയോജിത കൃഷിയ്ക്ക് ഊന്നൽ നൽകുമെന്ന് കേന്ദ്ര കൃഷി മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&&&&

## INDIAN ARMY-CONVERGE CAPSULE-II

ദേശീയ സുരക്ഷാ ചട്ടക്കൂട് മെച്ചപ്പെടുത്തുന്നതിനായി കരസേന സംഘടിപ്പിച്ച പ്രത്യേക സൈനിക-സിവിൽ സംയുക്ത സംരംഭം കൺവേർജ് കാപ്സ്യൂൾ-II ഇന്നലെ സമാപിച്ചു. കഴിഞ്ഞ 5 ദിവസമായി ജോധ്പൂരിലെയും ജയ്സാൽമീറിലെയും തന്ത്രപ്രധാനമായ സ്ഥലങ്ങളിൽ നടന്ന ഈ പരിപാടി, സൈനിക, സിവിലിയൻ മേഖലകൾക്കിടയിൽ ശക്തമായ ബന്ധം സ്ഥാപിക്കുന്നത് ലക്ഷ്യമിട്ടാണ് സംഘടിപ്പിച്ചത്.

&&&&&&&&&&&&&&&&&&&&&&&&&

## AYUSH - JADHAV

ആധുനികവും സമഗ്രവും രോഗി കേന്ദ്രീകൃതവുമായ ഒരു ആരോഗ്യ സംരക്ഷണ സംവിധാനം സൃഷ്ടിക്കുന്നതിനുള്ള അടിത്തറയാണ് ആയുർവേദം, യോഗ, പ്രകൃതിചികിത്സ തുടങ്ങിയവയെന്ന് കേന്ദ്ര ആയുഷ് മന്ത്രി പ്രതാപ് റാവു ജാദവ്. പരമ്പരാഗത വൈദ്യശാസ്ത്ര ചികിത്സയിൽ അന്താരാഷ്ട്ര സഹകരണത്തിനായി ആയുഷ് മന്ത്രാലയം 25 രാജ്യങ്ങളുമായി ധാരണാപത്രങ്ങളിൽ ഒപ്പുവച്ചിട്ടുണ്ടെന്ന് ശ്രീ ജാദവ് അറിയിച്ചു. ന്യൂഡൽഹിയിൽ ബ്രിക്സ് സി.സി.ഐ ഹെൽത്ത്കെയർ ഉച്ചകോടി 2025-നെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&&&&&&&&&&

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് നാളെ രാവിലെ 11 മണിക്ക്. മൻ കി ബാത്തിൻറെ 125-ാാം പതിപ്പാണിത്.

&&&&&&&&&&&&&&&&&&&&&&&&&

## PIYUSH GOYAL (INTRO)

വികസ്വര ലോകത്തിന്റെ യഥാർത്ഥ ശബ്ദമാണ് ഗ്ലോബൽ സൗത്ത് എന്ന് കേന്ദ്ര മന്ത്രി പീയുഷ് ഗോയൽ. മൂല്യവർദ്ധന, സാങ്കേതിക വിദ്യാധിഷ്ഠിത കൃഷി, പുനരുപയോഗ ഊർജ്ജം, ആരോഗ്യ സംരക്ഷണം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് അടുത്ത 5 വർഷത്തിനുള്ളിൽ ഇന്ത്യയും ആഫ്രിക്കയും ഉഭയകക്ഷി വ്യാപാരം ഇരട്ടിയാക്കാൻ പ്രവർത്തിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ഡൽഹിയിൽ സി.ഐ.ഐ ഇന്ത്യ- ആഫ്രിക്ക ബിസിനസ് കോൺക്ലേവ് ഇരുപതാമത് പതിപ്പിന്റെ സമാപന സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. (വോയിസ്)

&&&&&&&&&&&&&&&&&&&&&&&&&

## AMEBIC MENINGOENCEPHALITIS

കേരളത്തിൽ, അമീബിക്ക് മസ്തിഷ്ക ജ്വരം പ്രതിരോധിക്കുന്നതിന്റെ ഭാഗമായി ജല സ്രോതസുകൾ വൃത്തിയാക്കാൻ ആരോഗ്യ വകുപ്പ് ജനകീയ ക്യാമ്പയിൻ ആരംഭിക്കുന്നു. ഇതിന്റെ ഭാഗമായി ഇന്നും നാളെയും വീടുകളിലേയും സ്ഥാപനങ്ങളിലേയും കിണറുകൾ ക്ലോറിനേറ്റ് ചെയ്യുകയും ജലസംഭരണ ടാങ്കുകൾ വൃത്തിയാക്കുകയും ചെയ്യണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഹരിതകേരളം മിഷൻ, ജലവിഭവ വകുപ്പ് എന്നിവയുടെ നേതൃത്വത്തിലാണ് ക്യാമ്പയിൻ നടക്കുന്നത്.

&&&&&&&&&&&&&&&&&&&&&&&&&

## NEHRU TROPHY

71-ാമത് നെഹ്റു ട്രോഫി ജലോത്സവം ഇന്ന് ആലപ്പുഴ പുന്നമടക്കായലിൽ. ഉച്ചക്ക് ശേഷം മുഖ്യമന്ത്രി പിണറായി വിജയൻ ജലമേളയുടെ ഉദ്ഘാടനം നിർവഹിക്കും. നെഹ്റു ട്രോഫിക്കുള്ള ഒരുക്കങ്ങൾ പൂർത്തിയായി. 21 ചുണ്ടൻ വള്ളങ്ങൾ ഉൾപ്പടെ 71 വള്ളങ്ങളാണ് ഇത്തവണ ജലോത്സവത്തിൽ പങ്കെടുക്കുന്നത്.

&&&&&&&&&&&&&&&&&&&&&&&&&

## GEORGE KURIAN

കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ഇന്ന് കോട്ടയത്ത് വിവിധ പരിപാടികളിൽ പങ്കെടുക്കും. നാളെ കൊല്ലം തേവള്ളിയിൽ മൻ കി ബാത്ത് പരിപാടിയുടെ പ്രക്ഷേപണത്തിലും അദ്ദേഹം ഭാഗമാകും.

&&&&&&&&&&&&&&&&&&&&&&&&&

## BADMINTON

പാരീസിൽ നടക്കുന്ന ലോക ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൻറെ പുരുഷ വിഭാഗം ഡബിൾസിൽ ഇന്ത്യയുടെ സാത്വിക് സായിരാജ് രങ്കിറെഡ്ഡി- ചിരാഗ് ഷെട്ടി സഖ്യം സെമിഫൈനലിൽ പ്രവേശിച്ചു. മലേഷ്യൻ സഖ്യത്തെ പരാജയപ്പെടുത്തിയാണ് ഇരുവരുടെയും നേട്ടം. ഇന്ന് നടക്കുന്ന സെമിയിൽ ചൈനീസ് സഖ്യത്തെ നേരിടും. അതേസമയം വനിതാ വിഭാഗം സിംഗിൾസിൽ ഇന്ത്യയുടെ പി.വി.സിന്ധു ഇന്തോനേഷ്യൻ താരത്തോട് പരാജയപ്പെട്ടു.

&&&&&&&&&&&&&&&&&&&&&&&&&

## KCL

കേരള ക്രിക്കറ്റ് ലീഗിൽ ഇന്നലെ വൈകിട്ട് നടന്ന മത്സരത്തിൽ ആലപ്പി റിപ്പിൾസിനെതിരെ കാലിക്കറ്റ് ഗ്ലോബ് സ്റ്റാർസിന് 2 വിക്കറ്റ് ജയം. ഇന്നത്തെ മത്സരങ്ങളിൽ അദാനി ട്രിവാൻഡ്രം റോയൽസ്, കാലിക്കറ്റ് ഗ്ലോബ് സ്റ്റാർസിനെയും, കൊച്ചി ബ്ലൂ ടൈഗേർസ് തൃശ്ശൂർ ടൈറ്റൻസിനെയും നേരിടും.

&&&&&&&&&&&&&&&&&&&&&&&&&

## MK CHANDRASEKHAR DEATH

എയർ കമാൻഡർ എം.കെ ചന്ദ്രശേഖർ അന്തരിച്ചു. ഇന്ത്യൻ വ്യോമസേനയിൽ എയർ കമാൻഡറായി സേവനം അനുഷ്ഠിച്ച അദ്ദേഹം 11000 മണിക്കൂറിലധികം വിമാനങ്ങൾ പറത്തിയ പൈലറ്റാണ്. വിശിഷ്ട സേവാ മെഡൽ അടക്കം നിരവധി ബഹുമതികൾ നേടിയിട്ടുണ്ട്. തൃശ്ശൂർ ദേശമംഗലം സ്വദേശിയാണ്. ബി.ജെ.പി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖറിന്റെ പിതാവാണ്.

&&&&&&&&&&&&&&&&&&&&&&&&&

## KANNUR BLAST

കണ്ണൂർ കണ്ണപുരത്തിനടുത്ത് കീഴറയിൽ വീട്ടിൽ ഉണ്ടായ സ്ഫോടനത്തിൽ ഒരാൾ മരിച്ചു. വീട് പൂർണ്ണമായും തകർന്നു. ഇന്ന് പുലർച്ചെ രണ്ടു മണിയോടെയാണ് സംഭവം. മരിച്ചയാളെ തിരിച്ചറിഞ്ഞിട്ടില്ല. സ്ഥലത്ത് പോലീസ് ക്യാമ്പ് ചെയ്യുന്നുണ്ട്. സമഗ്രമായ അന്വേഷണവും ആരംഭിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&&&&&&&&

## NASHA MUKT NYAYA ABHIYAN

ലഹരി വിരുദ്ധ ക്യാമ്പയിനായ നശാ മുക്ത് ന്യായ അഭിയാന് ഇന്ന് തിരുവനന്തപുരത്ത് തുടക്കമാകും. ക്യാമ്പയിന്റെ സംസ്ഥാനതല ഉദ്ഘാടനം സുപ്രീംകോടതി ജഡ്ജിയും നാഷണൽ ലീഗൽ സർവീസ് അതോറിറ്റി സർവീസ് എക്സിക്യൂട്ടീവ് ചെയർമാനുമായ ജസ്റ്റിസ് സൂര്യകാന്ത് നിർവഹിക്കും. കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസ് നിതിൻ ജംദാർ, മന്ത്രി എം ബി രാജേഷ് എന്നിവർ പങ്കെടുക്കും.

&&&&&&&&&&&&&&&&&&&&&&&&&

## UNSC-PEACEKEEPING OPERATIONS

ലെബനനിലെ സമാധാന പ്രവർത്തനങ്ങൾ അവസാനിപ്പിക്കാൻ യു.എൻ സുരക്ഷാ സമിതി തീരുമാനിച്ചു. ഇന്നലെ നടന്ന വോട്ടെടുപ്പിലാണ് തീരുമാനം. മേഖലയിലെ ഇസ്രായേൽ ഹിസ്ബുള്ള സംഘർഷവും ലെബനൻ സൈന്യത്തിന്റെ മോശം പ്രവർത്തനവും കാരണമാണ് നടപടി. ആയിരത്തോളം ഇന്ത്യൻ സൈനികരും യു.എൻ സുരക്ഷാ സേനയുടെ ഭാഗമായി ലെബനനിൽ പ്രവർത്തിക്കുന്നുണ്ട്.

&&&&&&&&&&&&&&&&&&&&&&&&&

## MEA-TOKYO

സ്വാശ്രയവും വികസിതവുമായ ഇന്ത്യയുടെ യാത്രയിൽ ജപ്പാൻ മുഖ്യ പങ്കാളിയാണെന്ന് വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ദ്വിദിന ജപ്പാൻ സന്ദർശനത്തെക്കുറിച്ച് മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഉഭയകക്ഷി വിഷയങ്ങൾക്ക് പുറമേ, രണ്ട് പ്രധാനമന്ത്രിമാരും പ്രാദേശിക, ആഗോള സാഹചര്യങ്ങളെക്കുറിച്ചും ചർച്ച ചെയ്യതായും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&